(സി) അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യം യാതാർത്ഥ്യമാക്കുന്ന വിധം ഗ്രാമസഭകളെ സജ്ജമാക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ നടപടികളുടെ പ്രതിഫലനം ഗ്രാമസഭകളുടെ പ്രവർത്തനത്തിൽ ദൃശ്യമാകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമസഭകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് പ്രത്യേകമായി വിലയിരുത്തൽ നടത്തിയിട്ടില്ല. വികേന്ദ്രീകൃതാസൂത്രണം സംബന്ധിച്ച കോ-ഓർഡിനേഷൻ കമ്മിറ്റി പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം എല്ലാ ആഴ്ചയിലും നടത്താറുണ്ട്. ജില്ലാ ഓഫീസർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർ പങ്കെടുക്കുന്ന പ്രതിമാസ യോഗങ്ങളിലും മൊത്തത്തിലുള്ള പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം നടത്താറുണ്ട്.

(സി) പ്രാദേശിക ഭരണ സംവിധാനത്തെ ശാക്തീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിനും അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുന്നതിനും ഗ്രാമസഭ അംഗങ്ങളുടെ കൂടിച്ചേരലിനും തുടർപ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും ചർച്ചകൾക്കുമായി ഗ്രാമപഞ്ചായത്തിന്റെ ഓരോ വാർഡിലും സേവാഗ്രാം എന്ന പേരിൽ ഗ്രാമകേന്ദ്രം സ്ഥാപിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഗ്രാമസഭ/വാർഡ്സഭ അംഗങ്ങൾക്കും കിലയുടെ നേതൃത്വത്തിൽ പരിശീലന പരിപാടിയും ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്.

മാലിന്യ സംസ്കരണ പ്ലാന്റ്

149 (2782) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശുചിത്വ മിഷൻ വഴി എത്ര പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട് ; ഇതിനായി ആകെ എത്ര രൂപ ചെലവഴിച്ചു ;

(ബി) പ്രസ്തുത മാലിന്യ സംസ്കരണ പ്ലാന്റുകളിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തന സജ്ജമായി ഉണ്ട് ; ബാക്കിയുള്ളവയുടെ പ്രവർത്തനം നിലയ്ക്കാനുള്ള കാരണം വ്യക്തമാക്കാമോ ;

LIBRARY, ARCHIVES Kerala Legislative Assembly

(സി) മാലിന്യ സംസ്കരണ പ്ലാന്റ് ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട് ; മാലിന്യ സംസ്കരണം നടപ്പാക്കാത്തതിന് പ്രസ്തുത പഞ്ചായത്തുകൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ എന്ന് വിശദമാക്കാമോ ;

(ഡി) മാലിന്യ സംസ്കരണത്തിന് എല്ലാ പഞ്ചായത്തുകളേയും മുന്നിട്ടിറക്കുന്ന എന്തെങ്കിലും പദ്ധതി വിഭാവന ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയാണ് ഇതിലൂടെ നടപ്പാക്കുക എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 74 പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പൊതുപ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പൊതുപ്ലാന്റുകൾക്കായി ആകെ 3.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളിൽ ഭൂരിഭാഗവും പ്രവർത്തന സജ്ജമാണ്. അടച്ചുപൂട്ടപ്പെട്ടവയുടെ കാര്യത്തിൽ പരിസരവാസികളുടെ എതിർപ്പാണ് പ്രവർത്തനം നിലയ്ക്കാനുള്ള കാരണം.

(സി) പൊതുമാലിന്യ സംസ്കരണ പ്ലാന്റ് ഇല്ലാത്ത 904 പഞ്ചായത്തുകൾ നിലവിലുണ്ട്. പ്രസ്തുത പഞ്ചായത്തുകൾക്കെതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(ഡി) ഉണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും മാലിന്യ സംസ്കരണത്തിന് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള സഹായവും തയ്യാറാക്കുന്ന പദ്ധതികൾക്ക് സാങ്കേതികാനുമതിയും അർഹമായ സാമ്പത്തിക സഹായവും ശുചിത്വമിഷൻവഴി നൽകിവരുന്നു.

ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണത്തിന് പൊതുപ്ലാന്റ്, കമ്മ്യൂണിറ്റിതലത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഗാർഹികതല മാലിന്യ സംസ്കരണ സംവിധാനങ്ങൾ, പുനഃചംക്രമണ മൂല്യമുള്ള അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് പുനരുപയോഗം/പുനഃചംക്രമണത്തിനായി നൽകുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി, സാനിട്ടറി ലാൻഡ്ഫിൽ, ദ്രവമാലിന്യ പരിപാലന സംവിധാനം എന്നീ പദ്ധതികൾ വിഭാവനംചെയ്ത് നിലവിൽ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly